LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

32 [1039] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമന നിരോധനം നീക്കിയതിനുശേഷം കെ.എസ്.എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിൽ വീഴ്ചവന്നിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിയമന നടപടി ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിയമന നിരോധനം നീക്കിയശേഷം കെ.എസ്.എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 361 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഒഴിവുകൾ തിട്ടപ്പെടുത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, പ്രസക്തമല്ല.

കെ.എസ്.എഫ്.ഇ.-യിലെ ജൂനിയർ അസിസ്റ്റന്റ്/പ്യൂൺ നിയമനം

33 [1040] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ ജൂനിയർ അസിസ്റ്റന്റ്/പ്യൂൺ തസ്തികകളിൽ എത്ര വീതം ഒഴിവുള്ളതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്;

(സി) ഇതിൽ ഓരോ തസ്തിയിലേയ്ക്കും എത്ര പേർക്ക് വീതം പി.എസ്.സി. അഡ്വൈസ് നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) നാളിതുവരെ മേല്പറഞ്ഞ തസ്തികകളിൽ എത്രപേരെ താല്ക്കാലിക ജീവനക്കാരായി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ദിവസക്കൂലി അടിസ്ഥാനത്തിൽ മേല്പറഞ്ഞ തസ്തികകളിൽ എത്രപേർ ജോലി ചെയ്തു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) പി.എസ്.സി. നിയമന നിർദ്ദേശങ്ങൾ നല്കിയിട്ടും മേല്പറഞ്ഞ തസ്തികകളിൽ നിയമനം നടക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഇവരെ നിയമിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 500 ഒഴിവുകളും പ്യൂൺ തസ്തികയിൽ 300 ഒഴിവുകളും കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

(ബി) 30-4-2003-ൽ ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിൽവന്നു. പ്യൂൺ തസ്തികയിൽ ഇപ്പോൾ റാങ്ക്‌ലിസ്റ്റ് നിലവിലില്ല.

(സി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിലവിലുള്ള ലിസ്റ്റിൽനിന്ന് 475 പേർക്കും പി.എസ്.സി. അഡ്വൈസ് നൽകി.

(ഡി) കമ്പനിയുടെ നിയമങ്ങൾക്ക് വിധേയമായി കമ്പനി ബോർഡിന്റെ തീരുമാനപ്രകാരം അംഗീകൃത വിമുക്തഭട ഏജൻസികൾ മുഖാന്തിരം 1057 അസിസ്റ്റന്റുമാർക്കും 321 പ്യൂൺമാർക്കും തുല്യമായ സേവനം വിമുക്തഭട ഏജൻസികളിൽനിന്നും ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്.

(ഇ) ദിവസക്കൂലി അടിസ്ഥാനത്തിൽ മേല്പറഞ്ഞ തസ്തികകളിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല.

(എഫ്) പി.എസ്.സി. നിയമന നിർദ്ദേശം നൽകിയ എല്ലാവർക്കും നിയമന ഉത്തരവ് നൽകിയിട്ടുള്ളതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തവർക്ക് പുതിയ ഇൻഷ്വറൻസ് പദ്ധതി

34 [1041] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തവർക്ക് പുതിയ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ വിഭാഗം ജീവനക്കാരെയാണ് ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭ്യമാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി എന്ന് നടപ്പിൽ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന് കീഴിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തവർക്ക് പുതിയ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ (ധനകാര്യ വകുപ്പിന്റെ) പരിഗണനയിലില്ല. എന്നാൽ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly